**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **11-06-2024 - ൽ മറുപടിയ്ക്ക്**

**പെട്രോ കെമിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പെട്രോ കെമിക്കൽ ഹബ് ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്;<br><br>കൊച്ചി അമ്പലമുകളിൽ 481 ഏക്കറിൽ ഏകദേശം 1200 കോടി രൂപ മുതൽ മുടക്കിൽ കിൻഫ്ര സ്ഥാപിക്കുന്ന പദ്ധതിയാണ് പെട്രോകെമിക്കൽ പാർക്ക്. അടിസ്ഥാന സൗകര്യവികസനത്തിനായി 300 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുള്ള പദ്ധതിയാണിത്. പ്രസ്തുത പാർക്കിലെ ആങ്കർ ഇൻവെസ്റ്ററായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും അതുവഴി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പെട്രോകെമിക്കൽ വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡുകൾ, വൈദ്യുതി വിതരണ സംവിധാനം, അഡ്മിൻ ബിൽഡിംഗ്, മലിനജല ശുദ്ധീകരണ പ്ലാന്റ്, ജലവിതരണം, അഗ്നിശമന സംവിധാനം തുടങ്ങി 150 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ ലക്ഷ്യമിടുന്ന നിക്ഷേപം എത്ര; വ്യക്തമാക്കുമോ; | (ബി) | 10,000 കോടി രൂപയുടെ നിക്ഷേപം ആണ് ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുമ്പോൾ പ്രതീക്ഷിക്കുന്നത്. |
| (സി) | പ്രസ്തുത പാർക്കിൽ നിക്ഷേപം നടത്തുവാൻ ഏതെല്ലാം വൻകിട കമ്പനികളാണ് സന്നദ്ധമായിട്ടുള്ളതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ജോളി കോട്സ് തുടങ്ങിയ പ്രമുഖ കമ്പനികളാണ് |

| | | | |
|---|---|---|---|
| | | | പെട്രോകെമിക്കൽ പാർക്കിൽ നിക്ഷേപം നടത്തുവാൻ നിലവിൽ സന്നദ്ധമായിട്ടുള്ള നിക്ഷേപകർ. |

സെക്ഷൻ ഓഫീസർ